പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1184. 06.06.2018 ൽ മറുപടിയ്ക്ക്

## വിദ്യാർത്ഥികൾക്ക് ലഹരി വസ്തുക്കൾ ലഭ്യമാകുന്നത് തടയാൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ആർ.രാജേഷ് | | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | വിദ്യാർത്ഥികൾക്ക് ലഹരി, പുകയില ഉല്പന്നങ്ങൾ കൂടുതൽ ലഭ്യമാകുന്നതായ സാഹചര്യത്തിൽ ആയത് തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | (എ) | വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ 100 വാര ചുറ്റളവിനുള്ളിൽ പുകയില ഉല്പന്നങ്ങളുടെ വില്പന നിരോധിച്ചിട്ടുണ്ട്. മയക്കുമരുന്നുകളുടെയും ലഹരി വസ്തുക്കളുടെയും ഉൽപ്പാദനം, വിപണനം, ഉപയോഗം എന്നിവ നിയമപ്രകാരം നിരോധിച്ചിട്ടുണ്ട്. ജുവനൈൽ ജസ്റ്റീസ് (കെയർ ആന്റ് പ്രൊട്ടക്ഷൻ ഓഫ് ചിൽഡ്രൻ) ആക്ട് 2015 വകുപ്പ് 77, 78 പ്രകാരം പ്രായപൂർത്തിയാകാത്ത വർക്ക് മദ്യം, ലഹരിമരുന്ന്, പുകയില ഉൽപ്പന്നങ്ങൾ തുടങ്ങിയവ വില്പന നടത്തുന്ന വർക്കും, പ്രേരണ നൽകുന്നവർക്കും കഠിനമായ ശിക്ഷയാണ് നിഷ്കർഷിക്കുന്നത്. ലഹരി മുക്ത കേരളം എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനായി കുട്ടികളിൽ മദ്യം, മയക്കുമരുന്ന്, പുകയില തുടങ്ങിയ ലഹരി പദാർത്ഥങ്ങൾ ഉപയോഗിക്കുന്നതു തടയുവാൻ ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളോടൊപ്പം വൈവിദ്ധ്യമാർന്ന ലഹരിക്കെതിരെയുള്ള ബോധവത്കരണ പ്രവർത്ത നങ്ങളും നടത്തി വരുന്നു. |
| (ബി) | ഇതര സംസ്ഥാനത്തു നിന്നുമാണ് ഈ ലഹരി വസ്തുക്കൾ കേരളത്തിൽ എത്തുന്നത് എന്നതിനാൽ അതിർത്തി ചെക്ക്പോസ്റ്റുകളിൽ പരിശോധന കർശനമാക്കി ലഹരി വസ്തുക്കളുടെ കടത്ത് തുടക്കത്തിൽ തന്നെ അവസാനിപ്പിക്കുവാൻ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ബി) | ലഹരി വസ്തുക്കളുടെ കടത്തലുമായി ബന്ധപ്പെട്ട് അതിർത്തി ചെക്ക്പോസ്റ്റിൽ വിപുലമായ രീതിയിലാണ് പരിശോധനകൾ നടത്തിവരുന്നത്. റവന്യൂ, പോലീസ്, ഫോറസ്റ്റ് എന്നീ വകുപ്പുകളുമായി സഹകരിച്ച് കമ്പയിൻഡ് റെയിഡുകളും ബോർഡർ പട്രോളിംഗും നടത്തി വരുന്നുണ്ട്. ലഹരി വസ്തുക്കളുടെ കടത്തു തടയുവാനായി സംസ്ഥാനത്തെ എല്ലാ എക്സൈസ് ചെക്ക് പോസ്റ്റുകളിലും ആവശ്യമായ സജ്ജീകരണങ്ങൾ ഒരുക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ